**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *63** — **04.03.2020- ൽ മറുപടിക്ക്**

## സംഘടിത-അസംഘടിത തൊഴിൽ മേഖലകളിൽ മിനിമം വേതനം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.എം. സ്വരാജ്<br>,, കെ. ദാസൻ<br>,, സി.കെ. ഹരീന്ദ്രൻ<br>,, എം. നൗഷാദ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ വിവിധ സംഘടിത-അസംഘടിത തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനും കൃത്യമായ ഇടവേളകളിൽ പുതുക്കുന്നതിനും അതുപ്രകാരം തൊഴിലാളികൾക്ക് വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് മിനിമം വേതന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള തൊഴിൽ മേഖലകളിലെ കാലാവധി പൂർത്തിയാക്കിയിട്ടുള്ള തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനും, പുതിയ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനും മിനിമം വേതന ഉപദേശക സമിതി ഉപസമിതികൾ രൂപീകരിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള തൊഴിൽ മേഖലയിൽ തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തുന്നതിന് തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധന നടത്തി വരുന്നുണ്ട്. മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ 1948-ലെ മിനിമം വേതന നിയമത്തിന്റെ വകുപ്പ് 20 പ്രകാരം ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നുണ്ട്.<br>കൂടാതെ തൊഴിൽ വകുപ്പ് നടപ്പിലാക്കിയ വേജ് പ്രൊട്ടക്ഷൻ സിസ്റ്റം മുഖേന വേതനം വിതരണം ചെയ്യുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് മിനിമം വേതനം അവരുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നു. ടി സിസ്റ്റം മോണിറ്റർ ചെയ്യുന്നത് വഴിയും തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നു എന്നത് ഉറപ്പുവരുത്തുവാൻ കഴിയുന്നു. |
| (ബി) മുത്തൂറ്റ് ഫിനാൻസ് എന്ന സ്ഥാപനം ഇൻഡ്യൻ ബാങ്ക് യും ഉൾപ്പെടെയുള്ള പൊതുമേഖലാ ബാങ്കുകളിൽ നിന്ന് കുറഞ്ഞ യും | (ബി) (സി) മുത്തൂറ്റ് ഫിനാൻസുമായി ബന്ധപ്പെട്ട് നിലവിലുള്ള തൊഴിൽ തർക്കം ബഹു:ഹൈക്കോടതിയുടെ പരിഗണനയിൽ വരികയും ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം ഹൈക്കോടതിയുടെ |

പലിശക്ക് വായ്പയെടുത്ത് സ്വർണ്ണപണയ വായ്പ നൽകി പൊതുജനങ്ങളിൽ നിന്ന് ബ്ലേഡ് പലിശ ഈടാക്കുന്നുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(സി) തൊഴിലാളികൾക്ക് ടാർഗറ്റ് നൽകി പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സമാഹരിക്കുകയും അതുപയോഗിച്ച് സംസ്ഥാനത്തിനകത്തും പുറത്തും ബ്ലേഡ് പലിശക്ക് വായ്പ നൽകി സമ്പാദ്യം സ്വരുക്കൂട്ടുകയും ചെയ്യുന്നതായി ആക്ഷേപം നേരിടുന്ന ഈ സ്ഥാപനം സംസ്ഥാന വികസനത്തിന് യാതൊരു നിക്ഷേപവും നടത്താതെ നിക്ഷേപകരെന്ന വ്യാജലേബലിൽ നടത്തുന്ന തൊഴിലാളി പീഡനം അവസാനിപ്പിക്കാൻ സർക്കാർ നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണ്?

മദ്ധ്യസ്ഥന്റെ കൂടി സാന്നിദ്ധ്യത്തിൽ മാനേജ്മെന്റ്, തൊഴിലാളി യൂണിയൻ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ബഹു:തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിലും നിരവധി തവണ ചർച്ചകൾ ഇതിനകം നടത്തിയിട്ടുണ്ട്. തുടർ ചർച്ചയിലൂടെ തർക്ക പരിഹാരത്തിന് ഊർജ്ജിത ശ്രമം നടത്തി വരുന്നു. സംസ്ഥാനത്ത് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതു സംബന്ധിച്ച ചട്ടങ്ങളും നിയമങ്ങളും പ്രാബല്യത്തിലുണ്ട്. കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യസംരക്ഷണ ആക്റ്റ് 2013 (2015-ലെ ആക്റ്റ് 7), ആയതിന്റെ അടിസ്ഥാനത്തിൽ രൂപം നൽകിയിട്ടുള്ള റൂൾ എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമേ സംസ്ഥാനത്ത് സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. നിയമലംഘനം നടത്തുന്നവർക്കെതിരെ ചട്ടപ്രകാരം സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

മുത്തൂറ്റ് ഫിനാൻസിൽ തൊഴിലാളികളുടെ അഭിപ്രായ സ്വാതന്ത്ര്യവും സംഘടനാ സ്വാതന്ത്ര്യവും നിഷേധിക്കുന്നതായ പ്രവർത്തനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിലാളികളെ ദ്രോഹിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്ന മാനേജ്മെന്റ് നടപടികൾക്കെതിരെ തൊഴിൽ നിയമങ്ങൾക്കനുസൃതമായ എല്ലാ നിയമനടപടികളും സർക്കാർ സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ.